## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** **13.06.2019 ൽ**
**നിയമസഭാ ചോദ്യം നമ്പർ : 173** **മറുപടിക്ക്**

## സൈബർ പോലീസ് സ്റ്റേഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി. സി.കെ. ആശ<br>ശ്രീ. ജി.എസ്. ജയലാൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് പുതുതായി സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) ഉണ്ട്. നിലവിൽ തിരുവനന്തപുരത്ത് പ്രവർത്തിച്ച വരുന്ന സൈബർ ക്രൈം പോലീസ് സ്റ്റേഷന് പുറമെ സംസ്ഥാനത്തെ സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് 17.04.2018 തീയതിയിലെ സ.ഉ. (കൈ) നം. 68/2018/ആഭ്യന്തരം പ്രകാരം അനുമതി നൽകിയിട്ടുണ്ട്. എറണാകുളം സൈബർ പോലീസ് സ്റ്റേഷൻ 11.05.2019 ലും, തൃശ്ശൂർ സൈബർ പോലീസ് സ്റ്റേഷൻ 15.05.2019 ലും ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ അനുവദിച്ച സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |
| ബി) ഓൺലൈൻ തട്ടിപ്പുകൾക്ക് ഉപയോഗിക്കുന്ന ഡാർക്ക് നെറ്റ് സൈറ്റുകൾ നിരീക്ഷിക്കുന്നതിന് എന്തൊക്കെ | ബി) നിലവിലുള്ള വിവര വിനിമയ പ്രോട്ടോക്കോളുകൾ ഉപയോഗിക്കാതെ പ്രത്യേകതരം സോഫ്റ്റ് വെയറുകളും അംഗീകൃത ടൂളുകളും (authorization tool) |

| | | | |
|---|---|---|---|
| | സംവിധാനങ്ങളാണ് നിലവിൽ ഉള്ളതെന്ന് അറിയിക്കുമോ: | | ഉപയോഗിച്ച് മാത്രം കടന്നെത്താൻ കഴിയുന്ന രഹസ്യ നെറ്റ് വർക്കുകൾ ഉൾപ്പെട്ടതാണ് ഡാർക്ക് നെറ്റ്. ഓൺലൈൻ തട്ടിപ്പുകൾക്ക് ഉപയോഗിക്കുന്ന ഇത്തരം ഡാർക്ക് നെറ്റ് സൈറ്റുകൾ നിരീക്ഷിക്കുന്നതിനു വേണ്ടി ഒരു സ്പെഷ്യൽ ലാബ് കേരള പോലീസിന്റെ സൈബർ ഡോമിൽ പ്രവർത്തിക്കുന്നു. ഇതിനുവേണ്ടിയുള്ള ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുകളും ഉപയോഗിച്ചു വരുന്നു. |
| സി) | പോലീസ് സാങ്കേതിക വിഭാഗങ്ങളെ എല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; | സി) | പോലീസ് സേനയുടെ മികവ് മെച്ചപ്പെടുത്തുന്നതിനും സേവനങ്ങൾ മികവുറ്റ രീതിയിൽ ലഭ്യമാക്കുന്നതിനും സാങ്കേതികരംഗത്തെ അനിവാര്യമായ മുന്നേറ്റങ്ങൾ സ്വായത്തമാക്കുവാനും വിവര സാങ്കേതിക മേഖലയിൽ പോലീസ് സേനയെ നവീകരിക്കുന്നതിന്റെ ഭാഗമായും സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന നൂതന പദ്ധതിയാണ് Police Technology Centre. സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട യൂണിറ്റുകളും അനുബന്ധ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരാനാണ് ടെക്നോളജി സെന്റർ രൂപീകരണം വഴി ലക്ഷ്യമിടുന്നത്. ടെലികമ്മ്യൂണിക്കേഷൻ വിംഗ്, ICT വിംഗ്, പോലീസ് ഡാറ്റാ സെന്റർ, പോലീസ് റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് സെന്റർ, സോഷ്യൽ മീഡിയ അനാലിസിസ് ലാബ്, ഫോട്ടോഗ്രാഫിക് ബ്യൂറോ, സെൻട്രൽ ഇൻട്രൂഷൻ മോണിറ്ററിംഗ് സിസ്റ്റം, സൈബർ ഫോറൻസിക് ട്രെയിനിംഗ് ലാബ് മുതലായവ ടെക്നോളജി സെന്ററിന് കീഴിൽ ഉൾക്കൊള്ളിക്കുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. തിരുവനന്തപുരത്തെ പൂന്തുറയിലാണ് പ്രസ്തുത സെന്റർ ആരംഭിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. |
| ഡി) | സംസ്ഥാനത്ത് ഡിജിറ്റൽ മൊബൈൽ റേഡിയോ സിസ്റ്റം ആരംഭിക്കുമോ: | ഡി) | സംസ്ഥാനത്ത് ഡിജിറ്റൽ മൊബൈൽ റേഡിയോ കമ്മ്യൂണിക്കേഷൻ സിസ്റ്റം ആരംഭിക്കുന്നതിലേയ്ക്കായി പൈലറ്റ് |

ആയതിന്റെ ഗുണഫലങ്ങൾ വ്യക്തമാക്കാമോ?

പ്രോജക്ട് തൃശ്ശൂർ ജില്ലയിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇതിനുപുറമെ ഈ വർഷം പാലക്കാട് ജില്ലയിൽ കൂടി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

വിവിധ വകുപ്പുകളുടെ വാർത്താവിനിമയം (പോലീസ്,എക്സൈസ്, ജയിൽ, ഫോറസ്റ്റ്, ഫയർ ഫോഴ്സ്, റവന്യൂ മുതലായവ) ഏകോപിപ്പിക്കുവാനും ഗ്രൂപ്പുകളായി തിരിക്കുവാനും ഈ സംവിധാനത്തിലൂടെ സാധിക്കും. ഡിജിറ്റൽ കമ്മ്യൂണിക്കേഷൻ രംഗം കൂടുതൽ രഹസ്യ സ്വഭാവമുള്ളതാക്കുവാനും അനധികൃതമായി ഇത്തരം വയർലെസ് സെറ്റുകൾ ഉപയോഗിക്കുന്നവരുടെ ലൊക്കേഷനും വിവരങ്ങളും കൺട്രോൾ റൂമിൽ അറിയുവാനും സാധിക്കും. ഡിജിറ്റൽ മൊബൈൽ റേഡിയോ കമ്മ്യൂണിക്കേഷൻ സിസ്റ്റത്തിലൂടെ വോയ്സും ഡാറ്റായും ഒരേ സമയം അയയ്ക്കുവാൻ സാധിക്കും.

സെക്ഷൻ ഓഫീസർ